പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5431 24.05.2017 ൽ മറുപടിയ്ക്ക്

## നാലാം ഭരണപരിഷ്കാര കമ്മീഷൻ

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) നാലാം ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) നാലാം ഭരണപരിഷ്കാര കമ്മീഷൻ 18.08.2016 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) കമ്മീഷന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. കമ്മീഷൻ ആസ്ഥാനമായി തിരുവനന്തപുരം IMG യിലാണ് നിശ്ചയിട്ടുള്ളത്. പ്രസ്തുത ഓഫീസ് പ്രവർത്തന സജ്ജമായി വരുന്നു. നിലവിൽ IMG യിലും താൽക്കാലികമായി സെക്രട്ടേറിയറ്റിൽ ഒരു വിഭാഗവും പ്രവർത്തിച്ചുവരുന്നു. |
| (സി) കമ്മീഷൻ ചെയർമാന് ശമ്പളവും മറ്റ് ബത്തകളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) ഉണ്ട്. 05.05.2017 ലെ G.O.(Ms) No.11/2017/ P&ARD അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ.വി.എസ്.അച്യുതാനന്ദന്റെ ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (കൈ) നം. 11 /2017/ഉ.ഭ.പ.വ *തിരുവനന്തപുരം, തീയതി, 05.05.2017.*

---

പരാമർശം: 1) 06.08.2016 ലെ G.O.(Ms) No.16/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

2) 30.08.2016 ലെ G.O.(Ms) No.21/2016/P&ARD നമ്പർ സർക്കാർ ഉത്തരവ്

3) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയുടെ 20.12.2016 ലെ 24/APS/ARC/2016 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമായി പരാമർശം (1) ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീ.വി.എസ്.അച്യുതാനന്ദൻ എം.എൽ.എ. ചെയർമാനായും ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുകയും പരാമർശം (2) ലെ സർക്കാർ ഉത്തരവുപ്രകാരം കമ്മീഷന്റെ വ്യവസ്ഥകളും നിബന്ധനകളും തീരുമാനിക്കുകയുമുണ്ടായി.

2) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ.വി.എസ്.അച്യുതാനന്ദന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കണമെന്ന് പരാമർശം (3) ലെ കത്തുപ്രകാരം ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ സാധൂകരണത്തിന് വിധേയമായി ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും The Payment of Salaries and Allowances Act, 1951 (Act XIV of 1951) പ്രകാരം ചുവടെ വിവരിക്കുംവിധം നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. പ്രതിമാസ ശമ്പളം - 1000 രൂപ
   ഡി.എ - 1000 രൂപ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ അനുവദനീയമായ നിരക്കിലുള്ള ഡി.എ.
   പ്രതിമാസ നിയോജകമണ്ഡലബത്ത -12000/- രൂപ
   [ആക്റ്റിലെ സെക്ഷൻ 3 പ്രകാരം]
2. തിരുവനന്തപുരം സിറ്റിയ്ക്കകത്തും 8 കിലോമീറ്റർ ചുറ്റളവിലും യാത്ര ചെയ്യുന്നതിനായി ഇന്ധന ചെലവിനായി പ്രതിമാസം 10500/- രൂപ
   (ആക്റ്റിലെ സെക്ഷൻ 6 (2) പ്രകാരം)
3. യാത്രാബത്ത - ആക്ടിന്റെ ഷെഡ്യൂളിൽ പറയും പ്രകാരമുള്ള യാത്രാബത്ത
   (ആക്റ്റിലെ സെക്ഷൻ 7 (1),(3) പ്രകാരം)

**മറ്റ് സൗകര്യങ്ങൾ**

1. തിരുവനന്തപുരം സിറ്റിയ്ക്കകത്ത് വാടക നൽകാതെ എല്ലാ സൗകര്യങ്ങളോടും കൂടിയ വീട്. (സെക്ഷൻ 5 പ്രകാരം)

2. മന്ത്രിമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഏതെങ്കിലും സർക്കാർ ആശുപത്രിയിലെ സൗജന്യ ചികിത്സയും സർക്കാർ ഡോക്ടറുടെ സൗജന്യ സേവനവും. കൂടാതെ സർക്കാർ ആശുപത്രി അല്ലാത്ത ആശുപത്രിയിലെ ചികിത്സയ്ക്കും ഡോക്ടറുടെ സേവനത്തിനും ചെലവാകുന്ന തുക സർക്കാർ തിരികെ നൽകുന്നതാണ്. (സെക്ഷൻ 5A പ്രകാരം)

3. പൊതുകാര്യങ്ങൾക്കായി യാത്രചെയ്യുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾക്ക് അപകട ഇൻഷ്വറൻസ് . (സെക്ഷൻ 5B പ്രകാരം)

4. കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന അനുയോജ്യമായ യാത്രാസൗകര്യം. (സെക്ഷൻ 6 പ്രകാരം)

5. പൊതുകാര്യങ്ങൾക്കായി തിരുവനന്തപുരം സിറ്റിയിൽ നിന്നും 8 കിലോ മീറ്ററിൽ കൂടുതലുള്ള യാത്രകൾക്ക് മേൽപ്പറഞ്ഞ സൗകര്യം കൂടാതെ ഏതെങ്കിലും സർക്കാർ യാത്രാ സൗകര്യം കൂടി വിനിയോഗിക്കാവുന്നതാണ്. (സെക്ഷൻ 6(3) പ്രകാരം)

6. സർക്കാരിന്റെ ബോട്ടുകൾ സൗജന്യമായി ഉപയോഗിക്കാവുന്നതാണ് . (സെക്ഷൻ 6A പ്രകാരം)

7. പരമാവധി 15000 രൂപ വരെ ഒരു സാമ്പത്തിക വർഷത്തിൽ പുസ്തകങ്ങൾ വാങ്ങിയതിന് തിരികെ ലഭിക്കുന്നതാണ്. (സെക്ഷൻ 8C പ്രകാരം)

4) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ.വി.എസ്.അച്ചുതാനന്ദൻ ചുമതലയേറ്റ 18.08.2016 മുതൽ നിയമസഭാംഗമെന്ന നിലയിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റുന്നില്ലെന്ന വ്യവസ്ഥയിൽ മേൽവിവരിച്ച ആനുകൂല്യങ്ങൾക്ക് അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച ചിലവുകൾ 2017-18 ധനകാര്യ വർഷത്തിലെ "2052-00-092-81" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതാണ്. ചെയർമാന്റെ ഭരണസംബന്ധിയായ വിഷയനിർവ്വഹണ ചുമതല ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജീത് രാജൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ.വി.എസ്.അച്ചുതാനന്ദൻ എം.എൽ.എ, ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മെമ്പർ സെക്രട്ടറി, ഭരണപരിഷ്കാര കമ്മീഷൻ
പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
ധനകാര്യവകുപ്പ് (424388/വ്യയം. എ 3/131/2017-ധന നം.കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ